(14) പത്തനംതിട്ട നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പ്രധാന റോഡുകളും പോലും ഇന്ന് സഞ്ചാരയോഗ്യമല്ലാതായിരിക്കുകയാണ്. ഡിസ്ട്രിക്ട് റോഡുകളുടെ പട്ടികയിൽ പെടുന്ന റാന്നി—പുനലൂർ റോഡിന്റെ ഭാഗമായിട്ടുള്ള വാകയാർ മുതൽ പത്തനാപുരം വരെയുള്ള ആറു കി.മീറ്ററോളം റോഡ് കുണ്ടും കുഴിയും ആയിക്കിടക്കുകയാണ്. ആയിരക്കണക്കിന് വാഹനങ്ങളാണ് അതുവഴി സഞ്ചരിക്കുന്നതാണ്. ഇപ്പോൾ ആ റോഡിലെ വാഹനഗതാഗതം പൂർണ്ണമായും അസാദ്ധ്യമായ രീതിയിലാണ്. രണ്ടു വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച അട്ടച്ചാക്കൽ—കുമ്പളം പൊയ്ക റോഡിന്റെ പണിയും ഇതുവരെ പൂർത്തിയാക്കപ്പെട്ടിട്ടില്ല. അവിടത്തെ വാഹനഗതാഗതവും ബുദ്ധിമുട്ടിലായിരിക്കുകയാണ്. അതുപോലെ പതിമൂന്ന് വർഷങ്ങൾക്കുമുമ്പ് ടെണ്ടർ ചെയ്തു കൊടുത്തിരുന്ന മലയാലപ്പുഴ പഞ്ചായത്തിലെ കാഞ്ഞിരപ്പാറ—വെട്ടൂർ റോഡിന്റെ പണി, കോൺട്രാക്ടർ ആർബിട്രേഷൻ നടപടികൾക്ക് പോയതിന്റെ ഫലമായി മുടങ്ങിക്കിടക്കുകയാണ്. ഇപ്പോൾ ആർബിട്രേഷൻ തീർന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇനിയെങ്കിലും ആ റോഡുകളുടെ പണി ആരംഭിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണം. മലമ്പ്രദേശത്തേയ്ക്ക് പോകുന്ന രണ്ട് പ്രധാന റോഡുകളാണ് കോന്നി—കൊക്കാത്തോട് റോഡും അതുമ്പുംകുളം — തണ്ണിത്തോട് റോഡും. ഇന്ന് ഈ റോഡുകളും വന്യമൃഗങ്ങൾക്കുപോലും സഞ്ചാരയോഗ്യമല്ലാത്ത സ്ഥിതിയിലാണ്. അതുമ്പുംകുളം—തണ്ണിത്തോട് റോഡിൽ കുറെ ഭാഗം വനത്തിൽക്കൂടി കടന്നുപോകുന്നതിന്റെ ഫലമായിട്ട്, വനസംരക്ഷണത്തിന്റെ പേരിൽ പണി ആരംഭിക്കാതെ കിടക്കുകയാണ്. ഈ റോഡിന്റെ പണി നടത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി, പി.ഡബ്ലിയു.ഡി. ഉദ്യോഗസ്ഥൻമാരുടേയും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടേയും ജനപ്രതിനിധികളുടേയും സമ്മേളനങ്ങൾ രണ്ട് പ്രാവശ്യം വിളിച്ചിരുന്നു. തുടർന്ന് യാതൊരു നടപടിയും ചെയ്തിട്ടില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. പ്രസ്തുത റോഡിന്റെ പണി നടത്തുന്നതിന് സഹായകമായ രീതിയിൽ വന സംരക്ഷണ നിയമത്തിൽ ബന്ധപ്പെട്ട വകുപ്പുകളിൽ ചില ഭേദഗതികൾ വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ കേന്ദ്ര വനംവകുപ്പു മന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിരുന്നു. 1985 ജൂലൈ മാസം നാലാം തീയതി ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ഒരു മറുപടി തന്നു. അതിൽ പറഞ്ഞിരിക്കുന്നത്, "I have looked into the matter and find that the State Government has not submitted any proposal seeking permission under the Forest (Conservation) Act for construction of the road in question. I would, therefore, suggest that you may kindly address the Kerala Government in this regard" എന്നാണ്. അതുകൊണ്ട് അയ്യായിരത്തിൽപരം കുടുംബങ്ങൾ അധിവസിക്കുന്ന പഞ്ചായത്തിലെ ഏക സഞ്ചാര മാർഗ്ഗമായിട്ടുള്ള അതുമ്പുംകുളം—തണ്ണിത്തോട് റോഡിന്റെ പണിയാരംഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം. എം.എൽ.എ. റോഡുകളുടെ പണിയും

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ ആരംഭിച്ചിട്ടില്ല. അതുകൊണ്ട് എം.എൽ.എ. റോഡുകൾ അടക്കമുള്ള പ്രധാനപ്പെട്ട റോഡുകളുടെ പണികൾ അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, അദ്ദേഹത്തിന് ഒരു നിയോജകമണ്ഡലത്തിലെ കാര്യങ്ങൾ മാത്രമായി പറയാനുള്ളതുകൊണ്ട്, കുറച്ച് സാവകാശം കൊടുക്കേണ്ടതാണ്. ഒരു നിയോജകമണ്ഡലത്തിലെ മുഴുവൻ കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചത്. ഒരു പ്രത്യേക റോഡിന്റെയോ, പ്രത്യേക പാലത്തിന്റെയോ പ്രവർത്തനമല്ല. പുനലൂർ-റാന്നി റോഡിൽ വാകയാർ മുതൽ പത്തനാപുരം വരെയുള്ള ഭാഗം നന്നാക്കാൻ ടെണ്ടർ വിളിച്ചു കഴിഞ്ഞിരിക്കുകയാണ്. ചന്ദനപ്പള്ളി-കോന്നി റോഡ്, കോന്നി-കല്ലേലി റോഡ്, കമ്പളം-കോന്നി റോഡ് എന്നിവയുടെ അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞതുപോലെ കഞ്ഞിരപ്പാറ-കിഴക്കുംപുറം റോഡിന്റെ പണിയേറ്റെടുത്ത കരാറുകാരൻ ഭാഗികമായി പണി തീർത്ത്, ആർബിട്രേഷനുവേണ്ടി പോയി. അതുകൊണ്ട് പണി നിരുത്തിവയ്ക്കേണ്ടിവന്നു. ഇതിന്റെ പണി വീണ്ടും നടത്താനുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ അട്ടപ്പാക്കൽ-കമ്പളാംപൊയ്ക റോഡിന്റെ പണിയേറ്റെടുത്ത കരാറുകാരന്റെ അനാസ്ഥമൂലം പണിക്ക് വേണ്ടത്ര പുരോഗതി ഉണ്ടായില്ല. വീണ്ടും ആ പണി തീർക്കാമെന്നു പറഞ്ഞുകൊണ്ട്. ആ കരാറുകാരൻ മുന്നോട്ടു വന്നിരിക്കുകയാണ്. മലയോര റോഡുകളിൽപ്പെട്ട കോന്നി-അണയാഴി റോഡിന്റെ കോന്നി മുതൽ തണ്ണിത്തോട് വരെയുള്ള ഭാഗങ്ങളിൽ അത്യാവശ്യം വരെയുള്ള ഭാഗങ്ങളുടെ പണി നടത്തിക്കഴിഞ്ഞു. ബാക്കി ഭാഗത്തിന്റെ പണി വനംവകുപ്പിന്റെ പെർമിഷൻ കിട്ടാത്തതുകൊണ്ട് നിരുത്തിവച്ചിരിക്കുകയാണ്. ഒരു റോഡിന്റെ കാര്യമല്ല ഗവൺമെന്റ് ടേക്ക് അപ്പ് ചെയ്യുന്നത്. പല ഭാഗങ്ങളിലും ഇതുപോലെ ഫോറസ്റ്റിൽക്കൂടി പോകുന്ന റോഡുകളുണ്ട്. ആ റോഡുകളെല്ലാമായിട്ട് അനുമതി നൽകണമെന്നു ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(15) ഭക്ഷണസാധനങ്ങളുടെ വിലവർദ്ധനവ് തടയൽ

ശ്രീ. പി.സി. ജോർജ്ജ്: സർ, പട്ടണപ്രദേശങ്ങളിലെ ഹോട്ടലുകളിൽ മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലെ ചായക്കടകളിൽപോലും ഇന്ന് പാകം ചെയ്ത ഭക്ഷണസാധനങ്ങൾക്ക് ഭയങ്കരമായ രീതിയിൽ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. ഉദാഹരണത്തിന്, ഇന്ന് ഒരു പരിപ്പുവടയ്ക്ക് 50 പൈസയും ഒരു ഉഴുന്നു വടയ്ക്ക് 50 പൈസയുമാണ്. ഇവിടെ എൻ.ജി.ഒ. മാരും അദ്ധ്യാപകരും സമരം ചെയ്തപ്പോൾ അവർക്ക് വലിയ തോതിൽ ശമ്പള വർദ്ധനവ് വരുത്തിയെങ്കിൽ അതിന്റെ നൂറിരട്ടി കൊടുത്താൽ പോലും അവരുടെ ജീവിതം നടക്കുകയില്ലായെന്നുള്ള നിലയിലാണ് ഇന്ന് നിൽക്കുന്നത്. ഇന്ന് ഒരു ചായയുടെ വില 75 പൈസയും കാപ്പിയുടെ വില 80 പൈസയുമാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly